കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട ആവിയിൽ തോട് നവീകരണത്തിനുവേണ്ടി കോർപ്പറേഷന്റെ 67-ാം ഡിവിഷനിൽപ്പെടുന്ന ഭാഗത്ത് 2020-21 വർഷത്തിൽ അടങ്കൽ തുക 25,00,000 രൂപ വരുന്ന പദ്ധതി നിലവിൽ ഉണ്ട്.

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

പ്രവൃത്തി ആരംഭിച്ചിട്ടില്ല.

വടകരയിൽ ഇംപാക്ട് കേരള മുഖേന നടപ്പാക്കുന്ന പദ്ധതികൾ

343 (3371) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ ഇംപാക്ട് കേരള മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; പദ്ധതികളുടെ ഭരണാനുമതി, എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(എ-സി) വടകര നിയോജകമണ്ഡലത്തിൽ ഇംപാക്ട് കേരള മുഖേന നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) വടകര സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം (അടങ്കൽ തുക - 15.50 കോടി രൂപ)

(2) വടകര സിവിൽ സ്റ്റേഷന് സമീപമുള്ള മാർക്കറ്റിന്റെ നവീകരണം (അടങ്കൽ തുക - 8.91 കോടി രൂപ).

കിഫ്ബി പരിശോധിച്ച് നൽകിയ റിപ്പോർട്ട് പ്രകാരം ഡി.പി.ആർ-ൽ ആവശ്യമായ മാറ്റങ്ങൾ ചെയ്തുവരുന്നു. മാറ്റം വരുത്തിയ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചതിനുശേഷം പദ്ധതികളുടെ ഭരണാനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly